## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ: 1207** **30.09.2011 ലെ മറുപടിക്ക്**

### സഹകരണ ബാങ്കുകളിലെ എ.ടി.എം.

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ. വി. അബ്ദുൾ ഖാദർ** | | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) സഹകരണ മേഖലയിലെ ബാങ്കുകളിൽ പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ബാങ്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ സ്വയംഭരണ സ്ഥാപനങ്ങളാണ്. അതാതു ബാങ്കുകളുടെ സാമ്പത്തിക സ്ഥിതിയും, പ്രവർത്തന മേഖലയും, അംഗങ്ങളുടെയും ഇടപാടുകാരുടെയും ആവശ്യകതയും കണക്കിലെടുത്ത് അതാതു സ്ഥാപനങ്ങൾ അനുയോജ്യമായ പുതിയ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി വരുന്നു. |
| ബി) നിക്ഷേപകർക്ക് പണം പിൻവലിക്കാൻ എ.ടി.എം. സൗകര്യം ഇല്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട് സഹകരണ മേഖലയിൽ നിലവിൽ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളും ചില സർവ്വീസ് സഹകരണ ബാങ്കുകളും എ.ടി.എം. സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റു ജില്ലാ സഹകരണ ബാങ്കുകളിൽ എ.ടി.എം. സൗകര്യം ഏർപ്പെടുത്താൻ ബാങ്കുകൾ നടപടി സ്വീകരിച്ചു വരുന്നു. |
| സി) സഹകരണ ബാങ്കുകളിൽ എ.ടി.എം. സൗകര്യം ഏർപ്പെടുത്തിയാൽ കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് ആകർഷി ക്കാൻ കഴിയുമെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എ.ടി.എം. സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | സി) | സഹകരണ ബാങ്കുകളിൽ എ.ടി.എം. അടക്കമുള്ള ആധുനിക ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തിയാൽ കൂടുതൽ ഇടപാടുകരെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ കഴിയും. നിലവിൽ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളിലും ചില സർവ്വീസ് സഹകരണ ബാങ്കുകളിലും എ.ടി.എം. സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ബാങ്കുകളുടെ സാമ്പത്തിക സ്ഥിതിയും, പ്രവർത്തനമേഖലയും, ഇടപാടുകാരുടെയും അംഗങ്ങളുടെയും ആവശ്യകതയും കണക്കിലെടുത്ത് എ.ടിഎം. സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടത് അതാതു ബാങ്കുകളുടെ ഭരണ സമിതിയാണ്. |

**സെക്ഷൻ ഓഫീസർ**